ഫോർമാൻ വർക്ക്ഷോപ്പിന്റെ പ്രവർത്തനം നിയന്ത്രിക്കുന്ന വ്യക്തിയാണ്. അതാത് സമയത്ത് ഉപകരണങ്ങളുടേയും ആൾക്കാരുടേയും സാധനങ്ങളുടേയും മാക്സിമം ഉപയോഗം ഉറപ്പാക്കണം. വിദ്യാർത്ഥികളുടെ പുരോഗതി അവലോകനം ചെയ്യണം, പ്രാക്ടിക്കൽ ടെസ്റ്റ് കമീകരിക്കുക, സ്റ്റാന്റേർഡ് മോഡൽസ് പ്രദർശിപ്പിക്കുക, വർക്ക്ഷോപ്പുകളിൽ പ്രാക്ടിക്കൽ നടത്തുന്നതിനുള്ള സാധന സാമഗ്രികളുടെ വാങ്ങൽ, ഉപയോഗം എന്നിവ കമീകരിക്കുക മുതലായവയാണ് ഫോർമാന്റെ ജോലികൾ. ഇൻസ്ട്രക്ടർ/ഡമോൺസ്ട്രേറ്റർ ആയിരിക്കും അതാത് സെക്ഷന്റെ ഉത്തരവാദിത്വം. കുട്ടികൾക്കാവശ്യമുള്ള നിർദ്ദേശങ്ങളും ക്ലാസ്സുകളും നൽകുക, കുട്ടികളുടെ ഹാജർ, മാർക്ക് മുതലായവ രേഖപ്പെടുത്തുക തുടങ്ങിയ ജോലികൾ. കൂടാതെ അതാത് സെക്ഷന്റെ ഇൻഡന്റ് ബുക്കുകൾ, സ്റ്റോറാക്ക് ബുക്കുകൾ എന്നിവ കൈകാര്യം ചെയ്യണം. കൂടാതെ ഫോർമാൻ നിർദ്ദേശിക്കുന്ന ഡിപ്പാർട്ടുമെന്റൽ ജോലികളും ചെയ്യണം.

ട്രേഡ് ഇൻസ്ട്രക്ടർ ഹാൻഡ് ടൂൾസിന്റെ ചാർജ്ജ് ആയിരിക്കും. വർക്ക്ഷോപ്പ് ലാബിലെ വിവിധ യന്ത്രസാമഗ്രികളുടെ പ്രവർത്തനം, ഉപകരണങ്ങളുടെ പ്രവർത്തനം മുതലായവ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടറുടെ നിർദ്ദേശാനുസരണം കുട്ടികൾക്ക് പറഞ്ഞു കൊടുക്കുക, കുട്ടികൾക്ക് ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള അറിവ് ശരിയായി പറഞ്ഞു കൊടുക്കുക, വർക്ക്പീസുകൾ ഒരുക്കുക, ഉപകരണങ്ങൾ നല്ല രീതിയിൽ കൈകാര്യം ചെയ്യത്തക്കവിധം മൂർച്ച കൂട്ടുക, ഗ്രീസ് പുരട്ടുക, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടറുടെ നിർദ്ദേശാനുസരണം മെഷീനുകളുടെ റിപ്പയർ, സർവ്വീസസ് മുതലായവ നടത്തുക, കൂടാതെ മേലധികാരികൾ പറയുന്ന ഡിപ്പാർട്ടുമെന്റൽ ജോലികൾ ചെയ്യുക എന്നിവയാണ് കർത്തവ്യങ്ങൾ.

ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടറെ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും വർക്ക്പീസുകൾ ശേഖരിക്കാനും വിതരണം ചെയ്യാനും സഹായിക്കണം. വർക്ക്പീസുകൾ മുറിക്കുക, സ്ഥാപനത്തിലെ മെഷിനറികളും ഉപകരണങ്ങളും വൃത്തിയാക്കുക, പണിയായുധങ്ങൾക്കുവേണ്ട ലൂബ്രിക്കേഷൻ നൽകുക, വർക്ക്ഷോപ്പ്/ലാബ് തുറക്കുക, അടയ്ക്കുക, ലാബ്/വർക്ക്ഷോപ്പിന് ആവശ്യമായ സാധന സാമഗ്രികൾ സ്റ്റോറിൽനിന്ന് കൊണ്ടുവരിക, കൂടാതെ മേലാധികാരികൾ പറയുന്ന ഡിപ്പാർട്ടുമെന്റൽ ജോലികൾ ചെയ്യുക എന്നിവയാണ് പ്രധാന ജോലികൾ.

(ഇ) ഉണ്ട്, അനുബന്ധമായി ചേർത്തിരിക്കുന്നു.†

(എഫ്) തിയറി ലക്ചർ ക്ലാസ്സുകൾക്ക് എ.ഐ.സി.ടി.ഇ..യുടെ വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം ഉണ്ടെങ്കിലും പ്രാക്ടിക്കൽ/ഡ്രോയിംഗ് ക്ലാസ്സുകൾക്കും പ്രസ്തുത അനുപാതം നടപ്പിലാക്കാൻ കഴിയുന്നില്ല എന്നത് ഒരു പൊതുവായ അപാകതയായാണ് കാണപ്പെടുന്നത്.

സാശ്രയ സ്ഥാപനങ്ങൾ മുഖേനയുള്ള തൊഴിൽ സാദ്ധ്യത

58 [2364] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിലെ സാശ്രയ സ്ഥാപനങ്ങളിലൂടെ എത്ര പേർക്ക് സ്ഥിരം തൊഴിൽ നൽകുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം കൂടുതൽ സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടില്ല.

(ബി) പ്രൊഫ. ജയശങ്കർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ സ്വാശ്രയ എൻജിനീയറിംഗ് സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

പുതുതായി അനുവദിച്ച പ്രൊഫഷണൽ സീറ്റുകൾ

59 [2365] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, പി. ടി. തോമസ്:
,, വി. ജെ. പൗലോസ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമുള്ള 4 വർഷക്കാലത്ത് എഞ്ചിനീയറിംഗ്, മെഡിസിൻ, നഴ്സിംഗ്, ഫാർമസി, ബി.എഡ്., എം.സി.എ., എം.ബി.എ. എന്നീ കോഴ്സുകൾക്ക് ഡിഗ്രി തലത്തിൽ എത്ര സീറ്റുകൾ പുതുതായി അനുവദിച്ചു;

(ബി) മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്ത് ഈ വിഭാഗങ്ങൾക്ക് പുതുതായി എത്ര സീറ്റുകൾ അനുവദിച്ചിരുന്നു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമുള്ള 4 വർഷക്കാലത്ത് പുതുതായി അനുവദിച്ച സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

എഞ്ചിനീയറിംഗ്	..	16099
മെഡിസിൻ	..	600
നഴ്സിംഗ്	..	2090
ഫാർമസി	..	940
ബി.എഡ്.	..	14120
എം.ബി.എ.	..	1360
എം.സി.എ.	..	1120

(ബി) മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പുതുതായി അനുവദിച്ച സീറ്റുകളെ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു:

എം.ബി.ബി.എസ്.	..	200
ഫാർമസി	..	20
എഞ്ചിനീയറിംഗ്	..	4097

ബി.എഡ്. കോഴ്സുകൾ സംബന്ധിക്കുന്ന സീറ്റു വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly